ബാലുശ്ശേരി ഗവ. സെക്കൻറി സ്കൂളിൻെറ കെട്ടിടം

1434. [2168] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗവൺമെൻറ് സെക്കൻറി സ്കൂളിൻെറ ഒരു കെട്ടിടം ഈ വിദ്യാഭ്യാസ വർഷത്തിൽ ശക്തിയായ കാറടിച്ചതിൻെറ ഫലമായി തകർന്നു വീഴുകയും നിരവധി കുട്ടികൾക്ക് പരിക്കുപറ്റുകയും ചെയ്ത കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻെറ ഫലമായി എത്ര രൂപ നഷ്ടം വന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഈ കെട്ടിടത്തിന് പകരം ക്ലാസ് നടത്തുന്നതിന് എന്തു സംവിധാനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) വീണുതകർന്ന കെട്ടിടത്തിനു പകരം പുതിയ കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ നിർദ്ദേശം കൊടുക്കുവാൻ ദയവുണ്ടാകുമോ ;

(എഫ്) ഈ കെട്ടിടത്തിന് തുകാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം രണ്ടു ലക്ഷത്തോളം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(സി) സ്കൂളിൽ ലഭ്യമായ കെട്ടിടങ്ങളിൽ ക്ലാസ്സുകൾ നടത്തുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പ് രണ്ടു ലക്ഷം രൂപയുടെ രണ്ട് അർദ്ധ സ്ഥിര കെട്ടിടങ്ങൾക്ക് ഏകദേശച്ചിലവിൻെറ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഇ) തകർന്നുവീണ ഷെഡ്ഡിനു പകരം ഒരു അർദ്ധസ്ഥിര കെട്ടിടം പണിയുന്നകാര്യം ഈ വർഷത്തെ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ പരിഗണനയിലുണ്ട്.

(എഫ്) മേൽ സൂചിപ്പിച്ച കെട്ടിടത്തിന് തുകാനുമതി നൽകാൻ സാമ്പത്തിക ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മടത്തറ കാണി ഗവ. ഹൈസ്കൂളിന് കെട്ടിടം

1435. [2169] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മടത്തറ കാണി ഗവ. ഹൈസ്കൂളിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കണമെന്ന നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ലഭ്യത അനുസരിച്ച് മുൻഗണനാക്രമത്തിൽ പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

എയിഡഡ് സ്ക്കൂളുകളുടെ മെയിൻറനൻസ് ഗ്രാൻറ്

1436. [2170] ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
,, കെ.പി. രാമൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയിഡഡ് സ്ക്കൂളുകൾക്ക് ഇപ്പോൾ നൽകി വരുന്ന മെയിൻറനൻസ് ഗ്രാൻറ് അവസാനമായി പുതുക്കിയത് ഏതു വർഷമാണ്.

(ബി) ഈ ഗ്രാൻറ് അപര്യാപ്തമാണെന്ന് കാണിച്ച് എന്തെങ്കിലും നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടിയെടുക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 1979-ൽ.

(ബി) ഉണ്ട്.

(സി) ടീച്ചിംഗ് ഗ്രാൻറിൻെറ 25% മെയിൻറനൻസ് ഗ്രാൻറ് നൽകണമെന്ന ആവശ്യം സർക്കാരിൻെറ പരിഗണനയിലുണ്ട്.

പത്താം സ്റ്റാൻഡേർഡിലെ പാഠപുസ്തകങ്ങൾ

1437. [2172] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം സ്റ്റാൻഡേർഡിലെ പാഠപുസ്തകങ്ങളിൽ ഇനിയും കിട്ടിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) വർഷാവസാനമായിട്ടും ഇനിയും പുസ്തകം ഇറങ്ങിയിട്ടില്ലാത്തിൻെറ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഇനിയും കാലതാമസം വരുത്താതെ പുസ്തകം ഉടൻതന്നെ നൽകുന്ന കാര്യം അടിയന്തിരമായി പരിഗണിക്കാമോ ?

ഉത്തരം

(എ) 'കൾച്ചറൽ ഹെറിറ്റേജ് ഓഫ് ഇൻഡ്യ' എന്ന പുസ്തകം ഇതുവരെ വിതരണം ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly